"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2404 — 12.03.2020 ൽ മറുപടിയ്ക്ക്

## വന്യജീവി ആക്രമണം നേരിടുന്നതിനായി റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ സേവനം

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും<br>വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വന്യജീവി ആക്രമണം നേരിടുന്ന ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ മേഖലകളിൽ റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നിലവിൽ ഈ മേഖലയിൽ റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ സേവനം ലഭ്യമല്ല. എന്നാൽ ടി മേഖലകളിൽ റാപ്പിഡ് ആക്ഷൻ ഫോഴ്സ് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് സമാനമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു പ്രത്യേക മൊബൈൽ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ടി സ്ക്വാഡിന്റെ പ്രവർത്തന ഫലമായി ടി മേഖലകളിലെ വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ? | (ബി) | ഈ മേഖലയിൽ പരിയാരം ഭാഗത്ത് പുതുതായി റാപ്പിഡ് ആക്ഷൻ ഫോഴ്സ് സ്ഥാപിക്കുന്നതിനുവേണ്ടി ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ